**10.04.2017, 11.04.2017 തീയതികളിൽ SCERT കോൺഫറൻസ് ഹാളിൽ വച്ച് നടന്ന ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളുടെ പ്രവർത്തനാവലോകന യോഗത്തിന്റെ മിനിട്ട്സ്.**

സാമൂഹ്യനീതി ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 10.04.2017 10.30 ന് മീറ്റിംഗ് ആരംഭിച്ചു. ജെ.ജെ. ഹോമുകളിൽ ഡി.സി.പി.യു. കളിലെ പ്രൊട്ടക്ഷൻ ഓഫീസർമാർ സന്ദർശനം നടത്താത്തത് സംബന്ധിച്ച ചർച്ച ആയിരുന്നു ആദ്യമായി നടന്നത്. ജെ.ജെ.ആക്ട് 2015, ജെ.ജെ.മോഡൽ റൂൾ 2016 എന്നിവയുടെ അടിസ്ഥാനത്തിൽ ഡി.സി.പി.യു. വിലെ പ്രൊട്ടക്ഷൻ ഓഫീസർ (IC) യുടെ കർത്തവ്യങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുകയും താഴെപറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

1. ചൈൽഡ് കെയർ സ്ഥാപനങ്ങൾക്ക് ജെ.ജെ.രജിസ്ട്രേഷൻ നൽകുന്നതുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ നടത്തുക.
2. ഇൻഡിവ്യുഡൽ കെയർ പ്ലാൻ(Individual Care Plan) തയ്യാറാക്കുന്നതിന്റെ മേൽനോട്ടം നിർവ്വഹിയ്ക്കുക. (Individual Care Plan തയ്യാറാക്കേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്വം സി.സി.ഐ. കളിലെ സ്ഥാപനമേധാവികൾക്കാണ്.)
3. എല്ലാ ചൈൽഡ് കെയർ സ്ഥാപനങ്ങളും പ്രൊട്ടക്ഷൻ ഓഫീസർ (IC) സന്ദർശനം നടത്തണം.
4. മാനേജ്മെന്റ് കമ്മിറ്റി, ബാലസഭ എന്നിവ കൂടുമ്പോൾ പ്രൊട്ടക്ഷൻ ഓഫീസർ (IC) യുടെ സാന്നിദ്ധ്യം അത്യാവശ്യമാണ്.
5. CWC കളുടെ സിറ്റിംഗുകളിൽ കമ്മിറ്റി ആവശ്യപ്പെടുന്ന പ്രകാരം പ്രൊട്ടക്ഷൻ ഓഫീസർ (IC) പങ്കെടുക്കേണ്ടതാണ്. ഇതു കൂടാതെ സിറ്റിംഗ് സമയത്ത് ആവശ്യാനുസരണം DCPU പ്രതിനിധി ഹാജരായിരിക്കണം
6. സ്ഥാപനമേധാവി തയ്യാറാക്കുന്ന Individual Care Plan (ICP) അടുത്ത മാനേജ്മെന്റ് കമ്മിറ്റിയിൽ അവലോകനം ചെയ്യേണ്ടതും ഓരോ ICP സംബന്ധിച്ചുമുള്ള തീരുമാനങ്ങൾ കൈകൊള്ളുന്നതിന് പ്രൊട്ടക്ഷൻ ഓഫീസർ (IC) യെ ചുമതലപ്പെടുത്തേണ്ടതുമാണ്.

നടപടി – ICPS സെക്ഷൻ 5

2. ചൈൽഡ് വെൽഫയർ കമ്മിറ്റികളും ഡി.സി.പി.യു.കളും ശിശു സംരക്ഷണ സ്ഥാപനങ്ങളും തമ്മിൽ ഏകോപനം അത്യാവശ്യമാണെന്നും അത് സംബന്ധിച്ച് ഐ.സി.പി.എസ്. തലത്തിൽ ആവശ്യമായ നിർദ്ദേശം നൽകണമെന്നും ഡി.സി.പി.ഒ. മാർ അഭിപ്രായപ്പെട്ടു.

നടപടി – ICPS സെക്ഷൻ 3

3. ജെ.ജെ.ബി. കളിൽ ഡി.സി.പി.യു. കളിലെ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്തു. ഒബ്സർവേഷൻ ഹോമുകളിൽ കൗൺസിലർമാരെ നിയമിച്ചിട്ടുണ്ടെങ്കിൽ ഈ കൗൺസിലർമാരുടെ സേവനം ജെ.ജെ.ബി.കൾക്ക് ലഭ്യമാക്കാവുന്നതും മറ്റ് ജില്ലകളിൽ ഡി.സി.പി.യുകളിലെ കൗൺസിലർമാരുടെ സേവനം ജെ.ജെ.ബി. കൾക്ക് ലഭ്യമാക്കേണ്ടതുമാണ്. ജെ.ജെ. സ്ഥാപനങ്ങളിലെ കൗൺസിലർമാരെ സ്ഥാപന സൂപ്രണ്ടുമാർ സ്ഥാപനത്തിലെ ഓഫീസ് ജോലികൾ വരെ ചെയ്യിക്കുന്നുവെന്നും അതുകൊണ്ട് തന്നെ കുട്ടികൾക്ക് കൗൺസിലിങ്ങ് ആവശ്യമായ രീതിയിൽ ലഭിയ്ക്കുന്നില്ലയെന്നും ഇത് സംബന്ധിച്ച് സൂപ്രണ്ടുമാർക്ക് ആവശ്യമായ നിർദ്ദേശം നൽകണമെന്നും ഡി.സി.പി.ഒ. മാർ അഭിപ്രായപ്പെട്ടു.

നടപടി – ICPS സെക്ഷൻ 2

4. ഐ.സി.പി.എസ്. ജീവനക്കാർക്കും ഡി.സി.പി.ഒ. മാർക്കുമായി അനുവദിച്ച SIM കാർഡ് CUG കണക്ഷൻ ആണ് പ്രതിമാസ താരിഫ് 150/- രൂപയാണ്. എന്നാൽ ഓ.ആർ.സിയിലെ ജീവനക്കാർക്ക് നൽകിയ SIM കണക്ഷന്റെ പ്രതിമാസ താരിഫ് 500/-രൂപയാണെന്നും അതുകൊണ്ട് അതേ താരിഫ് തന്നെ ഡി.സി.പി.ഒ. മാർക്കും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കണമെന്ന് ഡി.സി.പി.ഒ. മാർ ആവശ്യപ്പെട്ടു.

നടപടി – ICPS സെക്ഷൻ 3

5. ജെ.ജെ. ഹോമുകളിൽ നിന്നും അടിസ്ഥാന സൗകര്യവികസനത്തിനായി സമർപ്പിയ്ക്കുന്ന പ്രൊപ്പോസലുകൾ പർച്ചേഴ്സ് കമ്മിറ്റിയുടെ ശുപാർശയോടുകൂടി ആയിരിയ്ക്കണം എന്ന നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഹോമുകളിൽ നിന്നും സമർപ്പിയ്ക്കുന്ന പ്രൊപ്പോസലുകൾ പർച്ചേഴ്സ് കമ്മിറ്റിയുടെ ശുപാർശ ഇല്ലാത്തതും വ്യക്തത ഇല്ലാത്തതുമാണ്. അതുകൊണ്ട് അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ മാനേജ്മെന്റ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് ആയതിന്റെ ആവശ്യകത സംബന്ധിച്ച് വ്യക്തമായ ശുപാർശയോടെ അയച്ചുതരേണ്ടതാണെന്ന് സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകണമെന്ന് യോഗം തീരുമാനിച്ചു.

**നടപടി - ICPS സെക്ഷൻ 2**

6. 2017-2018 വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിയ്ക്കുന്ന പദ്ധതികൾ സംബന്ധിച്ച് ഡി.സി.പി.യു. കളിൽ നിന്നും ജെ.ജെ. സ്ഥാപനങ്ങളിൽ നിന്നും ലഭിയ്ക്കുന്ന പ്രൊപ്പോസലുകൾ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ ഉള്ള ഒരു ഉപസമിതിയുടെ പരിശോധനയ്ക്ക് ശേഷം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയ്ക്കായി സമർപ്പിയ്ക്കണമെന്ന് തീരുമാനിച്ചു. ഡി.സി.പി.യു. കളിൽ നിന്ന് ലഭിയ്ക്കുന്ന പ്രൊപ്പോസലുകളിൽ സംസ്ഥാനതലത്തിൽ നടപ്പിലാക്കുവാൻ സാധിയ്ക്കുന്ന പ്രൊപ്പോസലുകൾ ഐ.സി.പി.എസ്. തലത്തിൽ നടപ്പിലാക്കണമെന്ന് യോഗം തീരുമാനിച്ചു.

**നടപടി - ICPS സെക്ഷൻ 4 A**

7. എല്ലാ ക്ഷേമസ്ഥാപനങ്ങളുടേയും അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ നിലവിൽ ജില്ലാ ഓഫീസർമാർക്കാണ്. ശിശു സംരക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നേരിട്ട് ഇടപെടേണ്ടത് ഡി.സി.പി.ഒ. മാർ ആയതിനാൽ ജെ.ജെ. സ്ഥാപനങ്ങളുടെ നിയന്ത്രണം ഡി.സി.പി.ഒ. മാർക്ക് നൽകണമെന്ന് ഡി.സി.പി.ഒ. മാർ അഭിപ്രായപ്പെട്ടു. ഇക്കാര്യം പരിശോധിച്ച് വേണ്ട നടപടി സ്വീകരിയ്ക്കാമെന്ന് ഡയറക്ടർ അറിയിച്ചു.

**നടപടി - ICPS സെക്ഷൻ 2**

8. ജെ.ജെ. സ്ഥാപനങ്ങളിൽ സുഹൃത് സമിതികൾ കൂടേണ്ടതില്ല എന്നും മാസത്തിൽ ഒരിക്കൽ കൃത്യമായി മാനേജ്മെന്റ് കമ്മിറ്റികൾ കൂടണമെന്നും ഇത് സംബന്ധിച്ച് സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകണമെന്നും ഡി.സി.പി.ഒ. മാർ അഭിപ്രായപ്പെട്ടു. മാനേജ്മെന്റ് കമ്മിറ്റിയ്ക്ക് പൊതുജനങ്ങളിൽ നിന്ന് സംഭാവനകൾ സ്വീകരിയ്ക്കാമെന്നും അതിനായി ബാങ്ക് അക്കൗണ്ട് തുടങ്ങാമെന്നും ഇതിനായി പ്രത്യേക കണക്കുകൾ സൂക്ഷിയ്ക്കാമെന്നും ഡയറക്ടർ നിർദ്ദേശിച്ചു. **നടപടി - ICPS സെക്ഷൻ 2**

9. ഒരു ആഫ്റ്റർ കെയർ പ്രോഗ്രാം സ്റ്റേറ്റ് തലത്തിൽ രൂപീകരിയ്ക്കണമെന്നും അതിനായി ഒരു ശില്പശാല ഏപ്രിൽ മാസത്തിൽ തന്നെ സംഘടിപ്പിയ്ക്കണമെന്നും നിലവിലുള്ള മൂന്ന് ആഫ്റ്റർ കെയർ ഹോമുകളും ഐ.സി.പി.എസ്. പരിധിയിൽ കൊണ്ടുവരണമെന്നും ആഫ്റ്റർ കെയർ പ്രോഗ്രാമിൽ POSCO victims നെ കൂടി ഉൾക്കൊള്ളിയ്ക്കണമെന്നും ഡി.സി.പി.ഒ. മാർ അഭിപ്രായപ്പെട്ടു. നടപടി - **ICPS സെക്ഷൻ 2**

10. ഡി.സി.പി.യു. കളിൽ ഒഴിവുള്ള വിവിധ തസ്തികളിലേയ്ക്കുള്ള നിയമനത്തിനുള്ള നടപടികൾ ഒരുമിച്ച് സ്വീകരിയ്ക്കണമെന്നും ഔട്ട് റീച്ച് വർക്കർമാരുടെ നിയമനം എത്രയും വേഗം നടത്തണമെന്നും ഡയറക്ടർ നിർദ്ദേശിച്ചു. കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങൾക്ക് സംവരണതത്ത്വം പാലിയ്ക്കേണ്ടതില്ലയെന്ന് ഡയറക്ടർ അറിയിച്ചു. റാങ്ക് ലിസ്റ്റിന്റെ കാലാവധി രണ്ട് വർഷത്തേയ്ക്ക് ആക്കി മാറ്റുന്ന കാര്യം പരിഗണിയ്ക്കാമെന്ന് ഡയറക്ടർ അറിയിച്ചു. **നടപടി - ICPS സെക്ഷൻ 5**

ഉച്ച ഊണിനുശേഷം Vulnerability Mapping പ്രാരംഭഘട്ടത്തിൽ തിരുവനന്തപുരം, മലപ്പുറം ജില്ലകളിലെ രണ്ട് പഞ്ചായത്തുകളിലായി നടത്തുവാൻ ഉദ്ദേശിയ്ക്കുന്നതു സംബന്ധിച്ച വിവരങ്ങൾ ഡയറക്ടർ മീറ്റിംഗിൽ അറിയിച്ചു.

11. ഓപ്പൺഷെൽട്ടറുകൾ താൽക്കാലിക അഭയകേന്ദ്രങ്ങളാണ് എന്നാൽ നിലവിൽ അവ കുട്ടികളെ സ്ഥിരമായി പാർപ്പിയ്ക്കുന്ന ചിൽഡ്രൻസ് ഹോമുകളായാണ് പ്രവർത്തിയ്ക്കുന്നത്. സ്ഥിരമായി പാർപ്പിയ്ക്കേണ്ട കുട്ടികളെ ചിൽഡ്രൻസ് ഹോമുകളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതിന് ഐ.സി.പി.എസിൽ നിന്ന് നിർദ്ദേശം നൽകണമെന്ന് ഡി.സി.പി.ഒ. മാർ അഭിപ്രായപ്പെട്ടു.

**നടപടി - ICPS സെക്ഷൻ 3**

12. തുടർന്ന് ഐ.സി.പി.എസ്. പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ പ്രവർത്തനത്തിനായി അനുവദിയ്ക്കുന്ന തുകയുടെ കൃത്യമായ വിനിയോഗത്തിനായി Repatriation, Child Related Expenses (JJB/CWC), Shafeek Committee-imprest Money, Rescue Case, CWC യുടെ ഉത്തരവു പ്രകാര SSA കളിൽ പ്രവേശിയ്പ്പിക്കുന്ന കുട്ടികൾക്ക് ഫണ്ട് അനുവദിയ്ക്കുന്നത് എന്നിവ സംബന്ധിച്ചുള്ള ഗൈഡ് ലൈനുകൾ തയ്യാറാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിയ്ക്കാനായി ഡി.സി.പി.ഒ. മാരെ അഞ്ച് ഗ്രൂപ്പുകളായി തിരിച്ച് ചുമതലപ്പെടുത്തി. നിർദ്ദേശങ്ങൾ തയ്യാറാക്കി 11.04.2017 ന് രാവിലെ ആദ്യ സെഷനിൽ അവതരിയ്പ്പിക്കുവാൻ ഡയറക്ടർ ഡി.സി.പി.ഒ. മാർക്ക് നിർദ്ദേശം നൽകി.

**നടപടി - ICPS സെക്ഷൻ 4**

**അന്നേ ദിവസം 5.30 ന് യോഗം അവസാനിച്ചു.**

13. 11.04.2017 ന് 9 മണിയ്ക്ക് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം ആരംഭിച്ചു. ആദ്യമായി അഞ്ചു ഗ്രൂപ്പുകൾ തയ്യാറാക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച അഭിപ്രായങ്ങൾ അവതരിപ്പിച്ചു. ഈ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ഐ.സി.പി.എസ്. തലത്തിൽ നിന്നും മാർഗ്ഗ നിർദ്ദേശങ്ങൾ എത്രയും വേഗം പുറപ്പെടുവിയ്ക്കുമെന്നും ഡയറക്ടർ അറിയിച്ചു.

**നടപടി - ICPS സെക്ഷൻ 4**

തുടർന്ന് കാസർഗോഡ്, ഇടുക്കി, ഡി.സി.പി.യു കളിൽ ബെസ്റ്റ് പ്രാക്ടീസ് എന്ന നിലയിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച് അതാത് ഡി.സി.പി.ഒ മാർ Power Point Presentation നടത്തി.

14. 2017 - 2018 വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിയ്ക്കുന്ന പദ്ധതികൾ സംബന്ധിച്ച് ഡി.സി.പി.ഒ. മാർ വിശദീകരിച്ചു. 10,000/- രൂപ വരെ ചിലവ് വരുന്ന പദ്ധതികൾ ഡി.സി.പി.ഒ. മാർക്ക് നേരിട്ട് നടപ്പിലാക്കാമെന്നും 1,00,000/- രൂപ വരെ ചിലവ് വരുന്ന പ്രൊപ്പോസലുകൾ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതി ഇല്ലാതെ ഡയറക്ടർ തലത്തിൽ തന്നെ അംഗീകരിച്ചു നൽകുന്നതാണെന്നും ഡയറക്ടർ അറിയ്ച്ചു.

**നടപടി - ICPS സെക്ഷൻ 4**

15. മാധ്യമ പ്രവർത്തകർക്ക് ഐ.സി.പി.എസ്. സംബന്ധിച്ച ഒരു ലഘുരേഖ സംസ്ഥാന തലത്തിൽ തയ്യാറാക്കി പബ്ലിഷ് ചെയ്യണമെന്ന് ഡി.സി.പി.ഒ. ആവശ്യപ്പെട്ടു. പോലീസ് സ്റ്റേഷനുകളിൽ പ്രദർശിപ്പിക്കുന്നതിനായി മലപ്പുറം ഡി.സി.പി.ഒ തയ്യാറാക്കിയ ബോർഡ് മറ്റ് ജില്ലകളിലേയ്ക്ക് കൂടി നൽകുവാൻ ഡയറക്ടർ നിർദ്ദേശിച്ചു.

**നടപടി - ICPS സെക്ഷൻ 3**

16. സ്പോൺസർഷിപ്പ് പദ്ധതി പ്രകാരം നൽകുന്ന ധനസഹായം ഓരോ ജില്ലയിലേയും 50 കുട്ടികൾക്ക് വീതം സ്റ്റേറ്റ് ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ തയ്യാക്കുവാൻ ഡയറക്ടർ നിർദ്ദേശിച്ചു.

**നടപടി - ICPS സെക്ഷൻ 4**

17. ജില്ലാ തലത്തിൽ സി.ഡി.പി.ഒ. മാർക്കായി നടത്തുന്ന അവലോകന യോഗത്തിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ശിശു സംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷയങ്ങൾ അവതരിപ്പിയ്ക്കണമെന്നും അതുപോലെ സംസ്ഥാന തലത്തിൽ നടത്തുന്ന അവലോകന യോഗത്തിൽ എസ്.സി.പി.എസ്. ന്റെ പ്രതിനിധി ശിശു സംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിഷയങ്ങൾ അവതരിപ്പിയ്ക്കണമെന്നും ഡയറക്ടർ നിർദ്ദേശിച്ചു.

**നടപടി - ICPS സെക്ഷൻ 3**

18. ഡി.സി.പി.യു കളിൽ ഓഡിറ്റ് നടത്തിയിട്ടില്ലായെന്നും അടിയന്തിരമായി എല്ലാ ഡി.സി.പി.യു കളിലും ഐ.സി.പി.എസ്. തലത്തിൽ ഓഡിറ്റ് നടത്തണമെന്നും ഡി.സി.പി.ഒ. മാർ ആവശ്യപ്പെട്ടു.

**നടപടി - ICPS സെക്ഷൻ 4A**

19. തുടർന്ന് യോഗം ഓ.ആർ.സി. പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചയിലേയ്ക്ക് കടന്നു. ഓ.ആർ.സി. പദ്ധതി കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കാനിരിക്കുന്ന അവസരത്തിൽ വരുന്ന അധ്യയന വർഷം പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ യോഗം മുന്നോട്ട് വെച്ചു. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൃത്യമാക്കിയതിന് ശേഷം അവയെക്കുറിച്ച് കൃത്യമായ ധാരണ സ്കൂൾ തലവൻമാർക്ക് നൽകുന്നതിനായി അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിൽ തന്നെ ജില്ലാതലത്തിൽ കളക്ടർമാരുടെ നേതൃത്വത്തിൽ ശില്പശാല സംഘടിപ്പിക്കണം. ഓ.ആർ.സി. കലണ്ടറിൽ പദ്ധതി പ്രവർത്തനങ്ങൾ പ്രതിപാദിക്കുന്നതോടൊപ്പം അവരുടെ ഉദ്ദേശലക്ഷ്യങ്ങളും കൈവരിക്കുന്ന നേട്ടങ്ങളും കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. **നടപടി - ICPS സെക്ഷൻ 6**

20. പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമായ കുട്ടികളെ കണ്ടെത്തുന്നതിനെകുറിച്ചുള്ള കൃത്യമായ ധാരണ രൂപപ്പെടുത്തിയെടുക്കുകയും അവ കൃത്യമായി നടപ്പിലാക്കുന്നു എന്ന് ഉറപ്പാക്കുകയും വേണം. കുട്ടികൾക്കു നേരെ ഏതെങ്കിലും തരത്തിൽ ലൈംഗികമായോ മാനസികമായോ ആയ അതിക്രമങ്ങൾ വീടുകളിലോ മറ്റിടങ്ങളിലോ നടക്കുന്നുണ്ടോ എന്ന് കണ്ടെത്തുന്നതിനും ഓ.ആർ.സി. പദ്ധതി സഹായകരമായിരിക്കണം. ഓ.ആർ.സി. വിഭാവനം ചെയ്തിട്ടുള്ള ജില്ലാ റിസോഴ്സ് സെന്ററുകൾ എല്ലാ ജില്ലകളിലും എത്രയും വേഗത്തിൽ പ്രവർത്തനക്ഷമമാക്കണമെന്ന് ഡയറക്ടർ ഡി.സി.പി.ഒ. മാരോട് നിർദ്ദേശിച്ചു. **നടപടി - ICPS സെക്ഷൻ 6**

21. ഡി.സി.പി.യു. വിലെ കരാർ ജീവനക്കാരുടെ TA ബില്ലുകൾ ഡി.സി.പി.ഒ.യും ഡി.സി.പി.ഒ. മാരുടെ TA ബില്ലുകൾ ഐ.സി.പി.എസ്. തലത്തിലുമാണ് പാസ്സാക്കി വന്നിരുന്നത്. എന്നാൽ ഡയറക്ടറേറ്റിലെ ബിൽ സെക്ഷനിൽ നിന്നുള്ള ഒരു സർക്കുലർ പ്രകാരം ഡി.സി.പി.യു. വിലെ മുഴുവൻ ജീവനക്കാരുടേയും TA ബില്ലുകൾ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരാണ് പാസ്സാക്കേണ്ടത്. ഇക്കാരണത്താൽ ഡി.സി.പി.യു. വിലെ ജീവനക്കാർക്ക് യഥാസമയം യാത്രാബത്ത ലഭിക്കുന്നില്ല. പഴയരീതി തുടരുന്നതാണ് ഉചിതമെന്ന് ഡി.സി.പി.ഒ. മാർ നിർദ്ദേശിച്ചു. എത്രയും വേഗം ഇത് സംബന്ധിച്ച സർക്കുലർ പുറപ്പെടുവിക്കാമെന്ന് ഡയറക്ടർ അറിയിച്ചു. **നടപടി - ICPS സെക്ഷൻ 4B**

യോഗം 6.30 ന് അവസാനിച്ചു.

**(ഒപ്പ്)**

**സാമൂഹ്യ നീതി ഡയറക്ടർ & മെമ്പർ സെക്രട്ടറി (SCPS)**

4/5/17.

**സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി**